(ബി) പ്രസ്തുത സ്പിരിറ്റ് കസറവാൾ ഡിസ്റ്റിലറിയിൽ എത്തിയതായി ഫാക്സ് സന്ദേശം കിട്ടിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അത് ലഭ്യമാക്കുമോ;

(സി) ഈ സ്പിരിറ്റ് കൊല്ലം ജില്ലയിൽ വ്യാപാരം നടത്തിയതായി 17.8.99, 20.11.99 എന്നീ തീയതികളിൽ എക്സൈസ് വകുപ്പിലെ വിജിലൻസ് ഓഫീസർ ശ്രീ. പീതാംബരൻപിള്ള സമർപ്പിച്ച റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടോ;

(ഡി) പ്രസ്തുത സ്പിരിറ്റ് കൊല്ലം ജില്ലയിൽ വിൽക്കുന്നതിന് സഹായിച്ചവരുടെ പേരുവിവരങ്ങൾ പ്രസ്തുത റിപ്പോർട്ടിൽ ഉണ്ടായിരുന്നുവോ;

(ഇ) എങ്കിൽ പ്രസ്തുത റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളവർ ആരെല്ലാമാണ്;

(എഫ്) അവരുടെ മേൽ എന്തു നടപടിയെടുത്തു?

ഉത്തരം

(എ) ഉണ്ടായിരുന്നു.

(ബി) കിട്ടിയിരുന്നു. തുടർന്നുള്ള അന്വേഷണത്തിൽ ടി ഫാക്സ് സന്ദേശം വ്യാജമായി ചമച്ച രേഖയാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) 20.11.99 ൽ റിപ്പോർട്ടുകൾ ഒന്നും സമർപ്പിച്ചുകാണുന്നില്ല. 17.8.99 ലും 12.11.99 ലും സമർപ്പിച്ച രണ്ടു റിപ്പോർട്ടുകളിൽ വിജിലൻസ് ഓഫീസർ 12.11.99 ൽ സമർപ്പിച്ച റിപ്പോർട്ടിൽ കേരളത്തിൽ വ്യാപാരം ചെയ്തതായി സംശയിക്കുന്നതായി പറഞ്ഞിട്ടുണ്ട്.

(ഡി) ഇല്ലായിരുന്നു.

(ഇ) പ്രസ്തുത റിപ്പോർട്ടിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ. വർഗ്ഗീസ് ഐസക്, അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ എൻ.കെ. കനകരാജൻ എന്നീ ഉദ്യോഗസ്ഥർക്കെതിരെ പരാമർശമുണ്ട്.

(എഫ്) ഇക്കാര്യത്തിൽ വിശദമായ അന്വേഷണം ആവശ്യമുണ്ടെന്ന് എക്സൈസ് വിജിലൻസ് ആഫീസറുടെ റിപ്പോർട്ടിൽ പരാമർശിച്ചിരുന്ന പ്രകാരം പോലീസ് ക്രൈം ബ്രാഞ്ചിനെക്കൊണ്ട് ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തിവരുന്നു. ടി അന്വേഷണ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

എക്സൈസ് വകുപ്പിലെ സ്ഥലംമാറ്റം

79 (413) ശ്രീ. ഇ.എം. അഗസ്തി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ തദ്ദേശ ഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിനു നോട്ടിഫിക്കേഷൻ ഇറങ്ങിയശേഷം എക്സൈസ് വകുപ്പിൽ സ്ഥലം മാറ്റം നടത്തിയിട്ടുണ്ടോ;

(ബി) ഈ സ്ഥലംമാറ്റം ചട്ടങ്ങൾക്കും പെരുമാറ്റ ചട്ടങ്ങൾക്കും അനുസൃതമായാണോ എന്ന് വ്യക്തമാക്കുമോ;

(സി) തെരഞ്ഞെടുപ്പു നടപടി തുടങ്ങിക്കഴിഞ്ഞശേഷം സ്ഥലംമാറ്റം നൽകുന്നതിനുള്ള കാരണം വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) അതെ.

(സി) ഇലക്ഷനോട് ബന്ധപ്പെട്ട "ഡ്രൈഡേ" തുടങ്ങിയ എൻഫോഴ്സ്മെന്റ് ചുമതലകൾ കാര്യക്ഷമമായി നിറവേറ്റുന്നതിനാണ് ഒഴിഞ്ഞുകിടന്നിരുന്ന പോസ്റ്റുകളിലേക്ക് ചട്ടങ്ങൾക്കനുസൃതമായും പൊതുതാൽപ്പര്യം കണക്കിലെടുത്തും സ്ഥലംമാറ്റം നടത്തിയിട്ടുള്ളത്.

കിസ്തു കുടിശ്ശിക

80 (414) ശ്രീ. ജോർജ് ജെ. മാത്യു :

ശ്രീ. കെ.എ. ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിസ്തു കുടിശ്ശിക സംബന്ധിച്ച് ഹൈക്കോടതിയിലും മറ്റ് ഓരോ കോടതിയിലും എത്ര കേസ്സുകൾ വീതം കെട്ടിക്കിടപ്പുണ്ടെന്ന് പ്രത്യേകം പ്രത്യേകം അറിയിക്കുമോ;

(ബി) ഈ കേസ്സുകളിൽ ഓരോന്നിലും ഉൾക്കൊള്ളുന്ന തുക എത്രയാണ്;

(സി) ഇതിന്റെ പലിശയും പിഴപ്പലിശയും എത്രവീതമാണ്;

(ഡി) ഈ കേസ്സുകളിൽ ഓരോരുത്തരും കൊടുക്കാനുള്ള കുടിശ്ശികയും പലിശയും പിഴപ്പലിശയും എത്രവീതമാണെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഈ തുകയിൽ നിന്ന് എത്രവീതം 2000 ഒക്ടോബറിൽ എഴുതിതള്ളുകയുണ്ടായി;

(എഫ്) ആരുടെ ആവശ്യപ്രകാരമാണ് ഈ തുക എഴുതിത്തള്ളിയത്;

(ജി) ഈ തുക എഴുതിത്തള്ളണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് ലഭിച്ച അപേക്ഷയുടെയും തുക എഴുതിത്തള്ളിയ ഉത്തരവിന്റെയും കോപ്പി ലഭ്യമാക്കാമോ;

(എച്ച്) ഈ തുക എഴുതിത്തള്ളിയതുകൊണ്ട് ഗവൺമെന്റിനുണ്ടായ ഗുണങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(ഐ) ഈ തുക എഴുതിത്തള്ളിയത് പൊതുതാൽപ്പര്യത്തിന് എത്രമാത്രം അനുഗുണമായിരുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(ഐ) വിവരം ശേഖരിച്ചുവരുന്നു.

വനങ്ങളുടെ വികസനം

81 (416) ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനങ്ങളുടെ വികസനത്തിനും വനവിഭവങ്ങളുടെ സംരക്ഷണത്തിനുമായി ഈ സർക്കാർ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly